**മാതോടം എൽ .പി സ്കൂൾ**

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയം- നേട്ടങ്ങൾ പരിമിതികൾ
- അക്കാദമികം വിശകലനം
- ഭൗതികം വിശകലനം
- വിദ്യാലയം അടിസ്ഥാന വിവരങ്ങൾ
- മികവ് പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
- മികവിനായി തിരഞ്ഞെടുത്ത പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.
- പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ
- മോണിറ്ററിങ്
- ഉപസംഹാരം

# ആമുഖം

ഇരുപതാം നൂറ്റാണ്ടിൻറെ തുടക്കത്തിൽ ചന്തുട്ടി എഴുത്തച്ഛൻ എന്ന അക്ഷരസ്നേഹി കൊഴക്കുന്നോൻ തറവാട്ടുമുറ്റത്ത് അക്ഷരജ്ഞാനവും അറിവിന്റെ വെളിച്ചവും പകർന്നു നൽകാൻ പണിതൊരുക്കിയ കുടിപള്ളിക്കൂടമാണ് പിൽക്കാലത്ത് 1925 ൽ മാതോടം എൽപി സ്കൂൾ ആയി രൂപാന്തരപ്പെട്ടത് . അധ്യാപനം സമർപ്പണമായി ഏറ്റെടുത്ത പ്രഗത്ഭരായ ഒട്ടേറെ അധ്യാപകർ നമ്മുടെ വിദ്യാലയത്തിന്റെ ചരിത്രത്താളുകളിലൂടെ കടന്നുപോയിട്ടുണ്ട്.നാറാത്ത് ഗ്രാമപഞ്ചായത്തിലെ മാതോടം പ്രദേശത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത് . 2021 ൽ ശ്രീ.വത്സൻ മഠത്തിൽ സ്കൂളിന്റെ പുതിയ മാനേജർ ആയി ചുമതല ഏറ്റെടുത്തു. അദ്ദേഹം സ്കൂളിന്റെ സർവ്വോൻ മുഖമായ പുരോഗതിക്കുവേണ്ടി ധാരാളം പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇന്ന് മലയാളം - ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലായി പ്രീപ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ 241 വിദ്യാർത്ഥികൾ പഠിച്ചു കൊണ്ടിരിക്കുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ചിട്ടയോടെയുള്ള പ്രവർത്തനങ്ങളാണ് സ്കൂളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സ്കൂൾ കായികമേള കലോത്സവം എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും മികച്ച സ്ഥാനങ്ങൾ കൈവരിക്കാറുമുണ്ട്. സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ തിളങ്ങി നിൽക്കുന്ന ഒട്ടേറെ പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയ മികവിന്റെ ഉദാഹരണങ്ങളാണ്. അധ്യാപകർ ,കർഷകർ, ഡോക്ടർമാർ, എൻജിനീയർ എന്നിങ്ങനെ സമൂഹത്തിൻറെ വിവിധ മേഖലകളിൽ വ്യാപിക്കുന്ന പൂർവവിദ്യാർത്ഥികൾ ആണ് നമ്മുടെ സ്കൂളിന്റെ മുതൽക്കൂട്ട്. അക്കാദമിക രംഗത്ത് നൂതനമായ ലക്ഷ്യങ്ങളും സമഗ്ര പുരോഗതികളും കാലത്തോട് സംവദിക്കുന്ന വേറിട്ട പ്രവർത്തനങ്ങളുമാണ് ഞങ്ങൾ മുന്നോട്ട് വെക്കുന്നത്.

# ലക്ഷ്യങ്ങൾ

1 എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി പഠന മികവിലേക്ക് എത്തിക്കുക.

2. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതി കൈവരിക്കുന്നതിലൂടെ മികവിന്റെ കേന്ദ്രം എന്ന ലക്ഷ്യം കൈവരിക്കുക.

3. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി ഭാഷകളുടെ സ്വതന്ത്രമായ വിനിമയവും വായന ലേഖനം എന്നീ മേഖലകളിലെ പൂർണ്ണതയും ഉറപ്പുവരുത്തുക.

4. ഗണിതം മധുരതരമാക്കുകയും ചതുഷ്ക്രിയകളിൽ പ്രശ്നനിർധാരണം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യുക.

5. ഓരോ ക്ലാസിലും ഓരോ ലൈബ്രറി സ്ഥാപിക്കുക.അതിലൂടെ എഴുത്തിലും വായനശാലയിലും ഉള്ള പിന്നോക്കാവസ്ഥ പരിഹരിക്കുകയും കൂടുതൽ അറിവ് ,ചിന്ത എന്നീ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുക.

6. കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.

7. സൂംബ, യോഗ തുടങ്ങിയ വ്യായാമ മുറകളിൽ പരിശീലനം നൽകി ആരോഗ്യമുള്ള മനസ്സും ശരീരവും എന്ന ലക്ഷ്യം നേടിയെടുക്കുക.

8. കുട്ടികളിൽ ദയ ,സഹാനുഭൂതി ,ജനാധിപത്യ ബോധം എന്നിവ ഊട്ടിയുറപ്പിക്കുക.

9. കുട്ടികളിൽ പൊതുവിജ്ഞാന കൗതുകം വളർത്തിയെടുക്കുക.

10. പ്ലാസ്റ്റിക്, പരിസര ശുചിത്വം, ഉറവിടമാലിന്യ സംസ്കരണം എന്നിവയിൽ സമൂഹ ബോധവൽക്കരണ ചുമതല ഏറ്റെടുക്കാൻ കുട്ടികളെ സന്നദ്ധരാക്കുക.

# ഭൗതികാവസ്ഥ വിശകലനം :  നേട്ടങ്ങൾ

100-ാം വാർഷികത്തിലേക്ക് പ്രവേശിച്ച മാതോടം എൽപിഎസ് സ്കൂളിന് 7 ക്ലാസ് പ്രവർത്തിക്കുന്ന രണ്ടുനില കോൺക്രീറ്റ് കെട്ടിടവും അഞ്ചു ക്ലാസുകൾ പ്രവർത്തിക്കുന്ന ഓട് പാകിയ ഒരു കെട്ടിടവുമാണ് ഉള്ളത്. കൂടാതെ സ്കൂളിന്റെ മുറ്റം ഇന്റർലോക്ക് ചെയ്തു  ഭംഗിയാക്കിയിട്ടുണ്ട്. സ്കൂളിന്റെ മറ്റ് ഭൗതിക വികാസ  മേഖലകളിൽ എം എൽ എ ,എം പി ഫണ്ടുകളിൽ നിന്നും പൂർവവിദ്യാർത്ഥികൾ സഹൃദയരായ ഗുണകാംക്ഷികളിൽ നിന്നും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

# ഭൗതികം : പരിമിതികൾ

സൗകര്യപ്രദമായ ഓഫീസ് റൂം, സ്റ്റാഫ് റൂം, ശിശു സൗഹൃദപരമായ ക്ലാസ് മുറികൾ, കുട്ടികൾക്ക് കായിക പരിശീലനം നടത്തുന്നതിനാവശ്യമായ കളിസ്ഥലം എന്നിവയിൽ പരിമിതികൾ നേരിടുന്നുണ്ട്.

# അക്കാദമികം : നേട്ടങ്ങൾ

അക്കാദമിക രംഗത്ത് വിദ്യാലയ മെച്ചപ്പെട്ട രീതിയിലാണ് കൊണ്ടിരിക്കുന്നത്.മത്സര പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ഉന്നത വിജയങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ഒരു സ്വകാര്യ ഏജൻസി ദേശീയതലത്തിൽ നടത്തിയ മത്സരപരീക്ഷയിൽ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥി രണ്ടാം റാങ്ക് നേടിയത് വിദ്യാലയത്തിന്റെ അക്കാദമിക മികവിന്റെ മികച്ച ഉദാഹരമാണ്. സാമൂഹ്യ പ്രാധാന്യങ്ങളായ പ്ലാസ്റ്റിക് നിരോധന ബോധവൽക്കരണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും, തെരുവുനാടകം, വീടുകൾ തോറുമുള്ള ബോധവൽക്കരണം എന്നിവയുമായി സമൂഹവുമായി നല്ല ബന്ധം സ്ഥാപിച്ചിട്ടുണ്ട്.

# അക്കാദമികം - പരിമിതികൾ

പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ  മത്സര പരീക്ഷകളിലും പൊതുവിജ്ഞാന പ്രശ്നോത്തരികളിലും കൂടുതൽ മികവിലേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

# വിദ്യാലയ വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : മാതോടം എൽ പി സ്കൂൾ

വിലാസം : മാതോടം കണ്ണാടിപ്പറമ്പ് പി ഒ

കണ്ണൂർ  - 670604

സ്കൂൾ കോഡ് : 13643

ഉപജില്ല : പാപ്പിനിശ്ശേരി

ബി ആർ സി :പാപ്പിനിശ്ശേരി

സി ആർ സി : നാറാത്ത്

ഗ്രാമപഞ്ചായത്ത് : നാറാത്ത്

ബ്ലോക്ക് പഞ്ചായത്ത് : കല്യാശ്ശേരി

ജില്ലാ പഞ്ചായത്ത് : കണ്ണൂർ

നിയമസഭാ മണ്ഡലം : അഴീക്കോട്

ലോകസഭാ മണ്ഡലം : കണ്ണൂർ

താലൂക്ക് : കണ്ണൂർ

വില്ലേജ് : കണ്ണാടിപ്പറമ്പ്

# സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികൾ

| കമ്മിറ്റികൾ | ഘടന |
|---|---|
| ജനറൽ & മദർ പി.ടി.എ | പ്രസിഡണ്ട് ,സെക്രട്ടറി, ട്രഷറർ എല്ലാ അധ്യാപകരും, രക്ഷിതാക്കളും |
| പിടിഎ എക്സിക്യൂട്ടീവ് | തിരഞ്ഞെടുക്കപ്പെട്ട അധ്യാപകരും, രക്ഷാകർത്തൃ പ്രതിനിധികളും |
| എസ് എസ് ജി | വിരമിച്ച അധ്യാപകർ, മാനേജ്മെൻറ് പ്രതിനിധികൾ, അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ - വിദ്യാഭ്യാസ പ്രവർത്തകർ |
| എസ് ആർ ജി | സ്കൂളിലെ എല്ലാ അധ്യാപകരും |
| ഉച്ചഭക്ഷണ കമ്മിറ്റി | തിരഞ്ഞെടുത്ത അധ്യാപകരും, രക്ഷാകർതൃ പ്രതിനിധികൾ |
| സ്കൂൾ സുരക്ഷാ പദ്ധതി | എച്ച് എം , പിടിഎ പ്രസിഡണ്ട്, വാർഡ് മെമ്പർ, പ്രാദേശിക പ്രതിനിധികൾ, റവന്യൂ വകുപ്പ്, ആരോഗ്യവകുപ്പ്, പോലീസ് ,ക്ലബ്ബ് പ്രവർത്തകർ |

# സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകൾ

| വിവിധ ക്ലബ്ബുകൾ | ഘടന |
|---|---|
| വിദ്യാരംഗം കലാസാഹിത്യവേദി | ചുമതല നൽകപ്പെട്ട അധ്യാപകരും, തിരഞ്ഞെടുത്ത വിദ്യാർത്ഥികളും |
| ശാസ്ത്ര ക്ലബ്ബ് | |
| സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | ,, |
| ഗണിത ക്ലബ്ബ് | ,, |
| ശുചിത്വ ക്ലബ്ബ് | ,, |
| അറബിക് ക്ലബ്ബ് | ,, |
| കബ് - ബുൾ ബുൾ | ,, |

# A Glimpses of Academic Masterplan

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം<br>• ഗണിതം മധുരതരമാക്കൽ<br>• ശാസ്ത്ര അവബോധം വളർത്തൽ<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• സർഗോത്സവങ്ങൾ<br>• പഠനയാത്രകൾ<br>• കലാമേളകൾ<br>• കായികമേളകൾ<br>• ഐ.ടി പരിശീലനം<br>• ക്ലാസ് പി.ടി.എ ഫലപ്രദമാക്കൽ<br>• എല്ലാ ക്ലാസിലും ലൈബ്രറി<br>• അറബി<br>• ഭാഷയിൽ പ്രാവീണ്യം<br>• വിവിധ ഭാഷാ ശില്പശാലകൾ<br>• ദിനാചരണങ്ങൾ | • സൗകര്യപ്രദമായ കളിസ്ഥലം<br>• കുട്ടികളുടെ പാർക്ക്<br>• ആവശ്യമായ കളി ഉപകരണങ്ങൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് റൂം<br>• ഭക്ഷണമുറി<br>• ലൈബ്രറി സ്കൂളിന്<br>• ചുറ്റുമതിൽ<br>• എന്റെ ജന്മദിനം എന്റെ ചെടി<br>• എന്റെ ജന്മദിനം എന്റെ പുസ്തകം<br>• ഗണിതോത്സവം ഭാഷാസർഗോത്സവങ്ങൾ<br>• എന്റെ വീട്ടിലും കൃഷി എന്റെ സ്കൂളിലും കൃഷി<br>• ജൈവവൈവിധ്യ പാർക്ക്. | • വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടന<br>• മാതൃകാ ജനറൽ പി.ടി.എ<br>• മാതൃകാ ക്ലാസ് പി.ടി.എ<br>• മികവ് പ്രവർത്തനങ്ങൾ<br>• വിദ്യാർഥികൾ നേടിയെടുക്കുന്ന അറിവും അവബോധവും സമൂഹത്തിനും പ്രയോജനപ്പെടുത്തൽ<br>• പ്ലാസ്റ്റിക് വിരുദ്ധ ബോധവൽക്കരണം<br>• ഉറവിട മാലിന്യ സംസ്കരണം അവബോധം<br>• ഗൃഹ സന്ദർശനം ഭവന പി.ടി.എ |

# വിഷയം : മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ● കുട്ടികളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ .<br>● വായന മെച്ചപ്പെടുത്തൽ. | ● അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് ഗെയിം ബോർഡ് ഉപയോഗിച്ച് കളികളിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ .<br>● വായന കാർഡിലൂടെ നേടിയ ചിഹ്നങ്ങളുടെ അറിവിൽ നിന്നും വാക്യങ്ങൾ വായിക്കുക<br>● കുട്ടിക്കഥകൾ ,കവിതകൾ എന്നിവ അക്ഷര തെറ്റില്ലാതെ വായിക്കൽ. | 6 മാസം | ക്ലാസ് അധ്യാപിക<br>ഭാഷ ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ● വായന മൂല<br>● ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | 6 മാസം | കോഡിനേറ്റർ | |

| | | | | | |
|---|---|---|---|---|---|
| | | ● സ്കൂൾ ലൈബ്രറി രൂപീകരിക്കൽ<br>● സമീപസ്ഥ ഗ്രന്ഥശാല അംഗത്വം<br>● പത്രവായന<br>● വായനാദിനാചരണം<br>● സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>● ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>● ഇ-വായന | | അധ്യാപകർ<br>സാഹിത്യ ക്ലബ് അംഗങ്ങൾ | ഗ്രാമപഞ്ചായത്ത്<br>പി.ടി.എ |
| 3. | ● എല്ലാ കുട്ടികളെയും ഘടനയ്ക്കനുസരിച്ച് എഴുതാൻ കഴിയുന്ന തരത്തിൽ സന്നദ്ധരാക്കൽ<br>● ആശയങ്ങൾ ലിഖിത രൂപത്തിൽ എഴുതാനുള്ള ശേഷി വായനാശീലം വളർത്തുക | ● സ്വന്തം ജീവചരിത്രം എഴുതൽ<br>● മാതൃക ചോദ്യങ്ങൾ<br>● പുസ്തകങ്ങൾ ലഭ്യമാക്കൽ<br>● പ്രോത്സാഹനം നൽകൽ<br>● പിന്നോക്കക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ<br>● സ്കൂൾ ലൈബ്രറി<br>● ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ | 2 മാസം | ക്ലാസ് അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 4 | ● വ്യത്യസ്ത വ്യവഹാരങ്ങളിലൂടെ കഥ പൂർത്തിയാക്കൽ<br>● വിവിധ ഘട്ടങ്ങൾ കൃത്യമായി ധാരണ ഉണ്ടാക്കൽ.<br>● പ്രമേയത്തിന്റെ തുടർച്ചയുടെ പ്രാധാന്യം മനസ്സിലാക്കൽ.<br>● കഥയുടെ വളർച്ചയ്ക്ക് ഒപ്പം ഒടുക്കം വരെ പ്രമേയത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കൽ | ● കഥ വായിക്കാൻ അവസരം<br>● ഇഷ്ടപ്പെട്ട കഥകളുടെ ശേഖരണം<br>● മാതൃക ചോദ്യങ്ങൾ<br>● കഥാ പുസ്തക പരിചയം (വീട്ടിലുള്ള കഥാ പുസ്തകം പരസ്പരം പരിചയപ്പെടുത്തൽ)<br>● ഐ.സി.ടി സഹായത്തോടെ ചിത്രങ്ങൾ കാണിച്ച് കഥ വിവരണം തയ്യാറാക്കൽ | രണ്ടുമാസം | ക്ലാസ് അധ്യാപിക<br>വിദ്യാരംഗം കൺവീനർ | |
| 5 | ● ഭിന്നശേഷിയുള്ള കുട്ടികളെയും അക്ഷരങ്ങളിലേക്കും വായനയിലേക്ക് എത്തിക്കുക | ● അക്ഷരക്കാടുകളുടെയും ഐസിടിയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു<br>● ഐഇ ഡി അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുന്നു | ആറുമാസം | ക്ലാസ് അധ്യാപകർ ബി ആർ സി യിൽ നിന്നുള്ള ഐഇ ഡി അധ്യാപകർ | |

# വിഷയം :ഇംഗ്ലീഷ്

| നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ അനായാസം വിനിമയം ചെയ്യാൻ സാധിക്കുക | ● കഥ ,കവിത, thought അവതരണത്തിന് അസംബ്ലിയിൽ അവസരം നൽകുന്നു | 1 വർഷം | ക്ലാസ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ് | |
| 2 | ഇംഗ്ലീഷ് ഭാഷയുടെ താല്പര്യവും ഉണ്ടാക്കുക | ● അസംബ്ലിയിൽ പുതിയൊരു ഇംഗ്ലീഷ് വാക്ക് കുട്ടികൾ പരിചയപ്പെടുത്തുന്നു | | | |
| 3 | പൊതു വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷാ പഠനം കാര്യക്ഷമമാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുക | ● ഇംഗ്ലീഷ് റൈമുകളുടെ കൊറിയോഗ്രാഫി ചെയ്യുന്നു<br>● കുട്ടികളുടെ സ്വതന്ത്ര രചനക്ക് അവസരം നൽകുന്നു | | ഇംഗ്ലീഷ് ക്ലബ്ബ് എസ് .ആർ. ജി റിസോഴ്സ് പേഴ്സണൽ | പി.ടി.എ |
| 4 | ഇംഗ്ലീഷ് ഭാഷ വായന ലേഖനം എന്നിവയിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | ● കുട്ടികളുടെ രചനകൾ ശേഖരിച്ച് വർഷാന്ത്യത്തിൽ കയ്യെഴുത്ത് മാഗസിൻ പ്രസിദ്ധീകരിക്കുക | | | |

| | | | | | |
|---|---|---|---|---|---|
| 5 | കുട്ടികളെ ഇംഗ്ലീഷ് ഡിക്ഷണറി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക | ● ഇ- വായന, ഇ-മാഗസിൻ എന്നിവ നടത്തുന്നു<br>● ക്ലാസ് ലൈബ്രറിയിൽ കൂടുതൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കുക ,വായനക്കുറിപ്പ് തയ്യാറാക്കുക | | ക്ലാസ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ് | പി.ടി.എ |

# വിഷയം :കലാകായിക വിദ്യാഭ്യാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ● വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികൾക്കും കലാകായിക പ്രവർത്തി പരിചയ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കുക<br>● കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക | കലാ ക്യാമ്പുകൾ സംഘടിപ്പിക്കുക<br>നാടൻപാട്ട് പരിശീലനം<br>(വർഷത്തിലൊരിക്കൽ ) | തുടർ പ്രവർത്തനം | അധ്യാപകർ<br>വിദ്യാരംഗം<br>കൺവീനർ | ഗ്രാമപഞ്ചായ ത്ത് |
| 2 | നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | സ്കൂൾ തലത്തിൽ പ്രവർത്തിപരിചയ ശില്പശാല (ഒറിഗാമി നിർമാണം ,സോപ്പ് നിർമ്മാണം) | തുടർ പ്രവർത്തനം | എസ് ആർ ജി<br>റിസോഴ്സ് പേഴ്സണൽ | പി.ടി.എ |
| 3 | എല്ലാ കുട്ടികൾക്കും ആരോഗ്യ-കായിക ക്ഷമത ഉറപ്പാക്കുക | വിദ്യാർത്ഥികൾക്ക് സൂംബ പരിശീലനം നൽകുന്ന വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളും ക്ലാസ് നൽകുന്ന മാനസികവും ശാരീരികവുമായ ആരോഗ്യ സംരക്ഷണത്തിന് സൂമ്പ പഠനത്തിലൂടെ കുട്ടികളെ പ്രാപ്തരാക്കുന്ന | തുടർ പ്രവർത്തനം | സൂംബ<br>പരിശീലകനായ<br>അധ്യാപകൻ | ഗ്രാമപഞ്ചായ ത്ത്<br>പി.ടി.എ |

# വിഷയം :ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷാ പഠനം കാര്യക്ഷമമാക്കൽ | ഹിന്ദി ഭാഷയിലുള്ള കവിതകൾ നാടകം വാർത്ത എന്നിവ ഐ.സി.ടി സഹായത്തോടെ കുട്ടികളെ കേൾപ്പിക്കുന്നു | പ്രതിമാസം | അധ്യാപകർ | |

# വിഷയം :സാമൂഹികം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്ലാസ്റ്റിക് രഹിത മാലിന്യ മുക്ത ഗ്രാമം | • പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെ കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുകയും ഉറവിടമാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുക.<br>• തുണിസഞ്ചികൾ പേപ്പർ ബാഗ് തുടങ്ങിയവയുടെ നിർമ്മാണം<br>• പ്ലാസ്റ്റിക് ബോട്ടിലുകൾ പാത്രങ്ങൾ എന്നിവയുടെ ഉപയോഗം കുറച്ചു കൊണ്ടുവരിക<br>• ഫ്ലാഷ് മോബ്<br>• തെരുവ് നാടകം<br>• സ്കിറ്റ് | ഒരുമാസം (ജൂൺ- പരിസ്ഥിതി ദിനാചരണ മാസം) | സോഷ്യൽ ക്ലബ്ബ്<br>പി.ടി.എ<br>എം .പി .ടി .എ<br>കുടുംബശ്രീ<br>ഗ്രാമപഞ്ചായത്ത് | |

## എന്റെ ജന്മദിനം
## എന്റെ പുസ്തകം

## മേഖല: സാമൂഹികം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വ്യക്തിപരമായ സന്തോഷങ്ങളെ സമൂഹത്തിനുകൂടി പ്രയോജനകരമാക്കുന്ന രീതിയിൽ കുഞ്ഞു മനസ്സുകളെ പാകപ്പെടുത്തുക | കുട്ടികളുടെ ജന്മദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സംഭാവന നൽകുന്നു. ഇതിലൂടെ സ്കൂൾ ലൈബ്രറി ശാക്തീകരണം സാധ്യമാകുന്നു. | ഒരു വർഷം | തുടർ പ്രവർത്തനം | സ്കൂൾ അധ്യാപകർ |

## വിഷയം: അറബി

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളെയും അറബി ഭാഷ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | ● മുന്നറിവ്പരിശോധന<br>● അക്ഷരങ്ങൾ ഉറപ്പിക്കൽ<br>● അറബിക് ഡയറി എഴുതൽ<br>● പത്രവാർത്ത വായന<br>● കഥ പൂരണം<br>● പതിപ്പ് നിർമ്മാണം | ഒരു വർഷം | അധ്യാപകർ റിസോഴ്സ് പേഴ്സണൽ | |
| 2 | കുട്ടികളുടെ സർഗാത്മഗ പ്രകടനത്തിന് വഴിയൊരുക്കൽ | ● ഭാഷകേളികൾ<br>● ഭാഷാ ശില്പശാല<br>● ഇ- വായന | | | |

| | | | | | |
|---|---|---|---|---|---|
| 3 | അറബിക് സർഗോത്സവം സംഘടിപ്പിക്കുക | ● വിവിധ ഭാഷാ വ്യവഹാരങ്ങളുടെ അവതരണവും മത്സരവും സംഘടിപ്പിക്കുന്നു. | പ്രതിമാസം | അറബിക് അധ്യാപകർ | |
| 4 | അറബിക് ടൈപ്പിംഗ് | ● എല്ലാ വിദ്യാർത്ഥികളെയും അറബിക് ടൈപ്പിങ്ങിന് പ്രാപ്തരാക്കുന്നു | ഒരു വർഷം | | |
| 5 | അറബിക് കവിതാസ്വാദനം | ● ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ അറബികവിതകളുടെ മലയാള വിവർത്തനം കവിത തയ്യാറാക്കുക. കവിതകളുടെ കൊറിയോഗ്രാഫി അസംബ്ലിയിൽ അവതരിപ്പിക്കുക | ഒരു വർഷം | അറബിക് ക്ലബ് | പിടിഎ |

# വിഷയം : അടിസ്ഥാന ശാസ്ത്രം( പരിസര പഠനം)

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനം രസകരമാക്കൽ കുട്ടികളിൽ | നിത്യ ജീവിതത്തിൽ പരിചയപ്പെടുന്ന പ്രവർത്തനങ്ങളിൽ നിന്നും ശാസ്ത്രീയ ആശയങ്ങളെ കണ്ടെത്തുക | ഒരു വർഷം | ശാസ്ത്ര ക്ലബ്ബ് അധ്യാപകർ | |
| 2 | ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | • ശാസ്ത്രജ്ഞന്മാരെയും അവരുടെ കണ്ടുപിടുത്തങ്ങളെയും പരിചയപ്പെടുത്തുകയും അവരുടെ പ്രൊഫൈൽ തയ്യാറാക്കുകയും ചെയ്യുന്നു<br>• ശാസ്ത്ര പ്രദർശനം | ആറുമാസം | അധ്യാപകർ ശാസ്ത്ര ക്ലബ്ബ് | പി.ടി.എ |
| 3 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | • ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു | ആറുമാസം | അധ്യാപകൻ ശാസ്ത്ര ക്ലാസ് ചുമതലയുള്ള | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | | ● ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു (ആഴ്ചയിൽ 1)<br>● മികച്ച ശാസ്ത്ര പുസ്തകങ്ങൾ വായിക്കാൻ അവസരം ഒരുക്കുന്നു<br>● വിദഗ്ധരുടെ ക്ലാസുകൾ<br>● ഉപജില്ല മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | | അധ്യാപകൻ | |

# വിഷയം :ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | ● നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള ഗണിത ക്രിയകൾ ചെയ്യുന്നു | 1 മാസം | ക്ലാസ് അധ്യാപകർ ഗണിത ക്ലബ്ബ് | |
| 2 | ഗണിതത്തിന്റെ ആവശ്യകത ഗണിതത്തെ കുട്ടികൾക്ക് അഭിരുചി വളർത്തുക | ● സെമിനാർ സംഘടിപ്പിക്കുക ഗണിത ചരിത്രത്തിന്റെ പ്രാധാന്യവും ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവും കുട്ടികളുമായി പങ്കുവയ്ക്കുന്നു | 2 മാസം | ക്ലാസ് അധ്യാപകർ ഗണിത ക്ലബ്ബ് | പി.ടി.എ |
| 3 | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കും | ● അടിസ്ഥാന ഗണിത ആശയങ്ങൾ പട്ടികപ്പെടുത്തുന്നു | 2 മാസം | ക്ലാസ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ചോദ്യാവലി ഉണ്ടാക്കുന്നു<br>● പ്രീ ടെസ്റ്റ് നടത്തുന്നു<br>● മൂല്യനിർണയം<br>● റിപ്പോർട്ട് തയ്യാറാക്കുന്നു<br>● എസ്. ആർ .ജിയിൽ അവതരിപ്പിക്കുന്നു | | | |
| 4 | ഗണിതാസ്വാദനം | ● ക്വിസ് മത്സരങ്ങൾ പസിലുകൾ കുസൃതി കണക്കുകൾ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു. | ഒരുമാസം | ക്ലാസ് അധ്യാപകർ ഗണിത ക്ലബ്ബ് | |
| 5 | ഗണിത ക്ലബ്ബ് രൂപീകരണം | ● ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്യുന്നു<br>● വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഒരു വർഷം | ക്ലാസ് അധ്യാപകർ ഗണിത ക്ലബ്ബ് | പി.ടി.എ |
| 6 | ഗണിത മാഗസിൻ | ● ഗണിതശയങ്ങൾ പാറ്റേണുകൾ ചിത്രങ്ങൾ ഗണിതശാസ്ത്രമായി | ഒരുമാസം | ക്ലാസ് അധ്യാപകർ ഗണിത ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | | ബന്ധപ്പെട്ട വിവരങ്ങൾ ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾതലത്തിൽ മാഗസിൻ തയ്യാറാക്കുന്നു | | | |
| 7 | ലിറ്റിൽ മാസ്റ്റർ | ● ഗണിതശാസ്ത്രത്തിൽ മികച്ച അഞ്ചു കുട്ടികളെ കണ്ടെത്തി അവരെ വർഷാവസാനം മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു | | | |

# പ്രതീക്ഷ നേട്ടങ്ങൾ

- എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്ന മികവിന്റെ കേന്ദ്രമായി ഒരുക്കുന്നു .
- സ്കൂളും സമൂഹവും തമ്മിൽ പരസ്പര സഹകരണം ഊട്ടിയുറപ്പിക്കുന്നു.
- വിദ്യാലയത്തിന് ചുറ്റുമുള്ള വിദ്യാർത്ഥികളെ സ്കൂളിലേക്ക് ആകർഷിച്ച് പ്രവേശന നിരക്ക് വർധിപ്പിക്കുന്നു .
- പ്രകൃതി സൗഹൃദ മനോഭാവമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്നു.

# മോണിറ്ററിംഗ്

- പ്രധാനധ്യാപിക ,പി.ടി.എ പ്രസിഡണ്ട് ,എസ്. ആർ. ജി കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുന്നു.
- ഉയർന്ന വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുകയും ആവശ്യമായ സഹായ സഹകരണങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നു

# ഉപസംഹാരം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള മാതോടം എൽ .പി സ്കൂളിന്റെ സമഗ്ര വികസന ആസൂത്രണമാണ് ഇവിടെ സമർപ്പിച്ചിട്ടുള്ളത്. നമ്മുടെ സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ നേട്ടങ്ങളെക്കുറിച്ചും പോരായ്മകളെക്കുറിച്ചും വിശദമായ ചർച്ച നടത്തുകയും സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചും ആണ് ഈ ആസൂത്രണം തയ്യാറാക്കിയിട്ടുള്ളത് .നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമികവും സാമൂഹികവുമായ മുന്നോട്ടുള്ള വികസന കുതിപ്പിന് ആവശ്യമായ ലക്ഷ്യങ്ങളെ നിർണയിക്കുകയും ലക്ഷ്യപ്രാപ്തിക്കുള്ള പ്രവർത്തനങ്ങളും പദ്ധതികളും പിന്തുണകളും ആണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സമൂഹവും വിദ്യാലയവും പരസ്പരപൂരകങ്ങൾ ആണെന്ന സന്ദേശം ഉൾക്കൊണ്ട് തയ്യാറാക്കിയ ഈ ആസൂത്രണത്തിന്റെ വിജയകരമായ നടത്തിപ്പിനും പൂർത്തീകരണത്തിനും അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ വിദ്യാഭ്യാസ ഏജൻസികൾ, പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി എന്നിവയുടെ സഹകരണവും പിന്തുണയും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ജനകീയ കൂട്ടായ്മയുടെ കരുത്തും പിന്തുണയും ചേർത്തുവെച്ച് ഉന്നതമായ അക്കാദമിക മികവ് എന്ന വിദ്യാലയത്തിന്റെ സ്വപ്ന പദ്ധതികൾ പൂവണിയുമെന്നും കരുത്തുറ്റ സമൂഹ നിർമ്മിതിയിലേക്ക് ബാലമനസ്സുകളെ നയിക്കാൻ നമുക്ക് സാധിക്കുമെന്നും വിശ്വസിച്ചുകൊണ്ട് എല്ലാവരുടെയും സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.